കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — കൊരട്ടി ഗ്രാമപഞ്ചായത്ത് - 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.8 ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 229/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/01/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 19/12/2014-ലെ എം3-47967/14 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18/06/2015-ലെ എൽ.എഫ്.3616/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്ത് 2006-07 വർഷം എസ്.ജി.ആർ.വൈ ഫണ്ട് ഉപയോഗിച്ച് 500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ട് മുറികളും വരാന്തയും പോർച്ചും അടക്കമുള്ള കെട്ടിടം 4,00,000/- രൂപ ചെലവ് ചെയ്ത് ഉൽപ്പന്ന വിപണന കേന്ദ്രമായി നിർമ്മിച്ചു. 2007-08 വർഷം 1,20,685/-രൂപ ചെലവഴിച്ച് കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ച പ്രസ്തുത കെട്ടിടം ഓഫീസിന്റെ അനുബന്ധ കെട്ടിടമായി ഉപയോഗിച്ചുവരുന്നത് എസ്.സി.ആർ.വൈ ഫണ്ടിന്റെ ദുരുപയോഗമാണെന്നതിനാൽ ആകെ ചെലവഴിച്ച 5,20,685/- രൂപ 2009-10, 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ, ഉൽപ്പന്നവിപണനകേന്ദ്രം എന്ന പേരിൽ അംഗീകാരം വാങ്ങി നിർമ്മിച്ച കെട്ടിടം, അതിന് വിപരീതമായി ഓഫീസ് കെട്ടിടമായി ഉപയോഗിച്ചത് എസ്.ജി.ആർ.വൈ ഫണ്ടിന്റെ ദുരുപയോഗമാണെന്നും 10/04/2004-ലെ എസ്.ജി.ആർ.വൈ മാർഗ്ഗരേഖ ഖണ്ഡിക 8.3.1-ൽ എസ്.ജി.ആർ.വൈ ഫണ്ട് മറ്റ് ഡിപ്പാർട്ട്മെന്റൽ പ്ലാൻ ഫണ്ടുകൾക്ക് പകരം ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായിട്ടാണ് കെട്ടിടം നിർമ്മിച്ചതെന്നും ആയതിനാൽ ഖണ്ഡിക 3-8 പ്രകാരം ആഡിറ്റ്

തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിടനിർമ്മാണത്തിന് മുമ്പ് ആയതിന്റെ ആവശ്യകത ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടു. എന്നിരുന്നാലും കെട്ടിടം ഉപയോഗശൂന്യമാക്കാതെ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയ 4,00,000/-(നാല് ലക്ഷം രൂപ മാത്രം) രൂപയും 2007-08 വർഷം ചെലവഴിച്ച 1,20,685/-(ഒരു ലക്ഷത്തി ഇരുപതിനായിരത്തി അറനൂറ്റി എൺപത്തിയഞ്ച് രൂപാ മാത്രം) രൂപയും ആകെ 5,20,685/-(അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി അറനൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടിസെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ